# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 15 28/11/2018 ൽ മറുപടിയ്ക്ക്**

### ഫയൽ തീർപ്പാക്കൽ

ചോദ്യം
ശ്രീ. കെ.ജെ. മാക്സി

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഫയൽ തീർപ്പുകല്പിക്കുന്നതിൽ ഒരു വിഭാഗം ജീവനക്കാർ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മന്ത്രിമാർ അടിയന്തരമായി തീർപ്പാക്കുന്ന ഫയലുകൾ പോലും ഒരുവിഭാഗം ജീവനക്കാരുടെ കെടുകാര്യസ്ഥത കാരണം ആഴ്ചകളും മാസങ്ങളും വൈകുന്നത് സാധാരണ ജനവിഭാഗങ്ങൾക്കും സർക്കാരിന്റെ പ്രവർത്തനങ്ങൾക്കും കാലതാമസമുണ്ടാക്കുന്നതും പ്രളയാനന്തര ദുരിതാശ്വാസം പോലും സമയത്ത് ലഭിക്കാത്ത അവസ്ഥയും മറ്റു കാതലായ പ്രശ്നങ്ങളും ഉണ്ടാക്കുന്നതും പരിശോധിച്ചുവോ ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | | |
| (സി) | സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നുണ്ടെന്ന് മുതിർന്ന ഉദ്യോഗസ്ഥർ യഥാസമയം ഉറപ്പാക്കണമെന്നും സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരമെങ്കിലും ഫയൽ കൃത്യസമയത്ത് അയയ്ക്കുവാനും അനാവശ്യ ക്വറികൾ ഇട്ട് ഫയൽ താമസിപ്പിക്കുന്നത് തടയുവാനുമായി എന്ത് അടിയന്തര നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (സി) | സങ്കീർണ്ണവും, നിയമപരവുമായ തീരുമാനങ്ങളാവശ്യമായ ഫയലുകൾ ഒഴികെയുള്ളവയെല്ലാം സമയ പരിധിയ്ക്കുള്ളിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മറ്റൊരു ഉദ്യോഗസ്ഥന് ചുമതല വഹിക്കാനാവുന്ന തരത്തിൽ സെക്രട്ടേറിയറ്റിൽ ലിങ്ക് ഓഫീസർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സെക്രട്ടേറിയറ്റിലെ റഫർമാനിയ സംസ്കാരം അവസാനിപ്പിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | സെക്രട്ടേറിയറ്റ് മാന്വൽ പ്രകാരം ധനകാര്യവകുപ്പ്, നിയമവകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളിന്മേൽ പ്രസ്തുത വകുപ്പുകളോട് ഉപദേശം ആരാഞ്ഞശേഷമേ ഭരണവകുപ്പിന് നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ